# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 33 26.09 .2011ൽ മറുപടിയ്ക്ക്

**<u>എൻക്വയറി കമ്മീഷൻ റിപ്പോർട്ടുകൾ</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ സി. ദിവാകരൻ : | ശ്രീ ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ' എൻക്വയറികമ്മീഷൻ' റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്, ഏതെങ്കിലും എൻക്വയറി കമ്മീഷനെ പിരിച്ച് വിട്ടിട്ടുണ്ടോ ; എങ്കിൽ കാരണമെന്ത് എന്ന് വ്യക്തമാക്കുമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ലഭിച്ച 'എൻക്വയറികമ്മീഷൻ' റിപ്പോർട്ടുകളെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.<br>കാസർഗോഡ് വെടിവെപ്പ് സംഭവം അന്വേഷിക്കാൻ നിയോഗിച്ചിരുന്ന ശ്രീ എം. എ. നിസ്സാർ കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിച്ചുകൊണ്ട് 04.08.2011 - ലെ 52809/എസ്. എസ്. എ2/2011/ആഭ്യന്തരം നമ്പർ പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. കാസർഗോഡ് പോലീസ് വെടിവെപ്പിൽ മരണമടഞ്ഞ മുഹമ്മദ് ഷെഫീക്കിന്റെ പിതാവ് ബഹു. കേരള ഹൈക്കോടതിയിൽ സമർപ്പിച്ച 11304/10 നമ്പർ റിട്ട് പെറ്റീഷൻ (സിവിൽ) - ൽ 24.09.2010 - ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിൽ കാസർഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 85/2010 കേസ്സിന്റെ അന്വേഷണം സി. ബി. ഐ. ക്ക് കൈമാറുന്നതിനും ഹർജിക്കാരന് അഞ്ച് ലക്ഷം രൂപ നഷ്ട പരിഹാരം നൽകുന്നതിനും ഉത്തരവിട്ടിരുന്നു. പ്രസ്തുത വിധിയ്ക്കെതിരെ സർക്കാർ 1964/10 നമ്പർ റിട്ട് അപ്പീൽ ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത അപ്പീൽ പിൻവലിക്കുന്നതിന് സർക്കാർ തീരുമാനിച്ചു. കാസർഗോഡ് വെടിവെപ്പ് സംബന്ധിച്ച് സി. ബി. ഐ. അന്വേഷണം നടത്തുമ്പോൾ അന്വേഷണ കമ്മീഷന്റെ തുടർന്നുള്ള പ്രവർത്തനം ആവശ്യമില്ലെന്ന് കണ്ടതിനാലാണ് കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിച്ചത്. |
| ബി) ഏതെങ്കിലും എൻക്വയറി കമ്മീഷൻ റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (ബി) വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ